**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3585** **27-06-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ മണ്ണ്-നീർത്തട സംരക്ഷണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ വാമനപുരം മണ്ഡലത്തിൽ ഏതെല്ലാം മണ്ണ്-നീർത്തട സംരക്ഷണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും അവയുടെ പുരോഗതിയും ചെലവാക്കിയ തുകയും വിശദമാക്കാമോ; | (എ) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വാമനപുരം മണ്ഡലത്തിൽ നബാർഡ് RIDF 22 ഘട്ടത്തിൽ ഉൾപ്പെടുത്തി 'വലിയവയൽ' നീർത്തടപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 1.60 കോടി അടങ്കൽ തുക വരുന്ന പദ്ധതി 1.419 കോടി രൂപ ചെലവഴിച്ച് 2023 ഡിസംബറിൽ പൂർത്തീകരിച്ചു. 385.99 ഹെക്ടർ പ്രദേശത്ത് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളായ കല്ല് കയ്യാല, പുല്ല് വെച്ച് പിടിപ്പിക്കൽ, റബ്ബറിന് തടമെടുക്കൽ, പാർശ്വഭിത്തി നിർമ്മാണം ടൈപ്പ് എ, പാർശ്വഭിത്തി നിർമ്മാണം ടൈപ്പ് ബി, പാർശ്വഭിത്തി നിർമ്മാണം ടൈപ്പ് സി, തടയണ, കോൺക്രീറ്റ് തടയണ, റാമ്പ് ടൈപ്പ് എ, റാമ്പ് ടൈപ്പ് സി, കിണർ നിർമ്മാണം, നീർച്ചാൽ സംരക്ഷണ ഭിത്തി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ രണ്ടു ബാച്ചുകളിലായി മണ്ണ് -ജലസംരക്ഷണ പ്രവർത്തികളുൾപ്പെടുന്ന നീർത്തട പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട് . 2018-19-ൽ പദ്ധതി പൂർത്തികരിക്കുകയും 1,72,82,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വാമനപുരം മണ്ഡലത്തിൽ പുതിയതായി ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | വാമനപുരം മണ്ഡത്തിൽ പുതുതായി നീർത്തട പദ്ധതികളൊന്നും നടപ്പിലാക്കാൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ